**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല – പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്ന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം.2078/2019/ത.സ്വ.ഭ.വ.    തീയതി, തിരുവനന്തപുരം:25.09.2019

---

പരാമർശം:
1. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത 9542/2019-ാം നമ്പർ റിട്ട് ഹർജി.
2. അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 27.08.2019-ലെ AAG-RT/WP(C)9542/2019 നമ്പർ കത്ത്.
3. 22.08.2019-ലെ സ.ഉ.(കൈ)നം.269/19/റവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1)ലെ റിട്ട് ഹർജി ബഹു: ഹൈക്കോടതി പരിഗണിക്കുന്ന വേളയിൽ പരാമർശം (3)ലെ ഉത്തരവ് ഖണ്ഡിക 6-ലെ Clause 8 നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തിരമായി രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിക്കുകയുണ്ടായി.

ഇടുക്കി ജില്ലയിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന നിർദ്ദേശം നൽകി രണ്ടാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 6-ലെ Clause 8-ൽ നിർദ്ദേശിച്ചിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**അനിൽ കുമാർ ജി.**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

(തുടർച്ച.......2)

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
ടൗൺ പ്ലാനർ, ഇടുക്കി.
റവന്യൂ വകുപ്പ് (22.08.2019-ലെ സ.ഉ.(കൈ)നം.269/19/റവ നമ്പർ ഉത്തരവ് പ്രകാരം).
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ